കഥാഭിനയഗാനമാല.

(ഒന്നാംഭാഗം)

(രണ്ടാം ക്ലാസിലേക്ക്)

ഗ്രന്ഥകർത്താവ്,

പാലാ എസ്സ്. നാരായണൻനായർ.

പ്രകാശകന്മാർ,

നാഷനൽ ബുക്കഡിപ്പോ, കോട്ടയം.

1117

M. P. HOUSE, KOTTAYAM.

വില ച. 3

(കവർ 3-ാംപേജിൽനിന്നും തുടച്ച)

സുരുചി:—തെണ്ടിയാമിവനെന്തവകാശ—
മുണ്ടു രാജത്വമാളുവാൻ?
'ഉത്തമൻ' മമ നന്ദനനതി—
നുത്തമൻ നൃപസത്തമാ!

(ഉത്തമകുമാരൻ ചില കളിക്കോപ്പുകളും മൂളിപ്പാട്ടുമായി പ്രവേശിക്കുന്നു)

ഉത്തമൻ:—അച്ഛനെത്തേടിവന്നു ഞാൻ നമു-
ക്കിച്ഛയൊത്തു കളിച്ചിടാം!
മണ്ണു വാരിക്കളിച്ചിടാം തമ്മിൽ
കണ്ണു പൊത്തിക്കളിച്ചിടാം!

സുരുചി:—എന്മകനെത്രകോമളൻ; സൗഖ്യ
സമ്മിളല്ലാത്സുകമാനസൻ
മന്ദനാം ധ്രുവാ! ചെന്നു നീ മമ-
നന്ദനൻ പദം കൂപ്പണം.

(സുരുചി, കോപത്തോടെ ധ്രുവനെ വലിച്ചിറക്കി ഉത്തമനെ ഉത്താനപാദന്റെ ഉത്സംഗത്തിൽ ഇരുത്തുന്നു.

ധ്രുവൻ:—(ഗൽഗദത്തോടെ.)
ദേവി, ഞാനിതാ പോകയാണേവ-
മാവലാതികൾ വേണ്ടിനി
പാവമാമെനിക്കീശ്വരൻ പരി-
പാവനൻ നല്കുമാശ്രയം!

(ധ്രുവകുമാരൻ, വിങ്ങിവിങ്ങി പാടിക്കൊണ്ടു നടന്നു മറയുന്നു.)

കൃഷ്ണ, കൃഷ്ണ, മുരാന്തകാ, ദിവ്യ വൃഷ്ണിവംശവിധായകാ!
ബാലകനിവനാലയം ഭവാൻ പാലയ, പരിപാലയ!
കൃഷ്ണ, കൃഷ്ണ, മുരാന്തകാ...................

(ഗാനധ്വനി അകലെയകലെ മാറ്റൊലിക്കൊള്ളുന്നു.)

കഥാഭിനയഗാനമാല.

(ഒന്നാംഭാഗം)

൧. പിടക്കോഴിയും കൂട്ടുകാരും.

(ഒരു പിടക്കോഴി കുറച്ചു നെല്ലുമായി പ്രവേശിച്ച്
ഒരു പട്ടിയുടെ അടുക്കൽ ചെന്നു്)

പിട:- ഒരുപിടിനെല്ലെനിയ്ക്കുണ്ടുനായേ!
വരിക, നമുക്കു വിതച്ചുനോക്കാം.

പട്ടി:- സമയമില്ലങ്ങിങ്ങുപോയിവേണം
മമദിനകൃത്യം നടത്തിടുവാൻ

(ഒരു താറാവിൻെറ അടുക്കൽ ചെന്നു്)

പിട:- ഒരുപിടിനെല്ലെനിയ്ക്കിന്നുകിട്ടി
വരിക, താറാവേ! വിതച്ചുനോക്കാം

താറാവു്:- സമയമില്ലെൻകളിത്തോഴരൊത്തു
സരസമായ്നീന്തിക്കളിച്ചിടേണം

(ഒരു പൂച്ചയുടെ അടുക്കൽ ചെന്നു്)

പിട:- ഒരുപിടിനെല്ലെനിക്കുണ്ടുപൂച്ചേ!
വരികനമുക്കുവിതച്ചുനോക്കാം

പൂച്ച:- ഇരവും പകലുമെനിക്കുകാട്ടി-
ന്നിടയിൽ പതുങ്ങിയിരുന്നിടേണം.

(പിടക്കോഴി തനിയെ നെല്ലു വിതയ്ക്കുന്നു. നെൽക്കതിർ
വിളഞ്ഞു പഴുത്തു. പട്ടിയും പൂച്ചയും താറാവും
പിടക്കോഴിയും പ്രവേശിക്കുന്നു)

പിട:- പരിചിലാനെല്ലുവിളഞ്ഞുനിൽപ്പൂ
പരിചയക്കാരേ! നമുക്കുകൊയ്യാം.

എല്ലാവരും:-നിരവധികാര്യങ്ങൾ ചെയ്തുതീക്കാൻ
നിരൂപിച്ചിരിക്കുന്നു ഞങ്ങളിപ്പോൾ
(പിടക്കോഴി തനിയെ നെല്ലു കൊയ്യുന്നു. എല്ലാവരും
പ്രവേശിക്കുന്നു.)

പിട:- സഖികളേ! ഞാൻകൊയ്തനെല്ലുകുത്താൻ
സമയമുണ്ടാക്കി, വരിക നിങ്ങൾ

എല്ലാവരും:-നിരവധികാര്യങ്ങൾചെയ്തുതീക്കാൻ
നിരൂപിച്ചുഞങ്ങൾ ഗമിക്കയായി.
(പിടക്കോഴി ഒററയ്ക്കു നെല്ലു കുത്തുന്നു. എല്ലാവരും
പ്രവേശിക്കുന്നു)

പിട:- അരിയൊരുപായസംവെച്ചിടാം, ന-
ല്ലരിയിതാ നിങ്ങൾ വരികയില്ലേ?

എല്ലാ:- അതിനൊന്നും ഞങ്ങൾക്കുനേരമില്ലെ-
ന്നറിയാൻ നിനക്കുവിവേകമില്ലേ?
(പിടക്കോഴി തന്നിച്ചു പായസം വയ്ക്കുന്നു.
എല്ലാവരും പ്രവേശിക്കുന്നു)

പിട:- ഇനിയെൻെറ പായസംഞാൻകുടിയ്ക്കാൻ
തുനികയായ്, നിങ്ങൾ വരികയില്ലേ?

പട്ടി; താറാവ്; പൂച്ച:-
ബൗബൗ; ക്ലക്ക് ക്ലക്ക്; മ്യൂ മ്യൂ മ്യൂ!
ബൗ ബൗ; ക്ലക്ക് ക്ലക്ക്; മ്യൂ മ്യൂ മ്യൂ!

പിട:- നെല്ലുവിതച്ചു ഞാൻതന്നേ—
നെല്ലുകൾ കൊയ്തു ഞാൻതന്നേ—
നെല്ലരിയാക്കീ ഞാൻതന്നേ—
പായസമാക്കീ ഞാൻതന്നേ—
നിങ്ങളിലാരും വന്നില്ലാ—

ആൎക്കുംവേണ്ടിഹ ഞാൻതന്നേ
മക്കളുമൊത്തുകുടിച്ചോളാം—
(പട്ടിയും പൂച്ചയും താറാവും നോക്കി നിൽക്കെ
പിടക്കോഴിയും കുഞ്ഞുങ്ങളും പായസം കുടിക്കുന്നു)

---

൨. കോഴിയും പയറും.

ഒരു കോഴി പയറു വിഴുങ്ങി ശ്വാസം മുട്ടിക്കിടക്കുന്നു)
യജമാനത്തി പ്രവേശിക്കുന്നു)

സ്ത്രീ:- കോഴീ! നിനക്കെന്തുപററീ? പൂവൻ-
കോഴീ! നിനക്കെന്തുപററീ?

കോഴി:- അമ്മേ! പയറുതടഞ്ഞു—തൊണ്ട-
തന്മേലിരുന്നുകുഴഞ്ഞു
ചെമ്മേ! പശുവിനോടല്പം—വെണ്ണ
യമ്മേ! നീ വാങ്ങിത്തരേണം

(ഒരു പശുവിൻെറ അടുക്കൽ ചെന്നു്)

സ്ത്രീ:- തിണ്ണമെൻ കോഴിയ്ക്കു നൽകാൻ—തെല്ലു
വെണ്ണതരുമോ പശുവേ?

പശു:- നെയ്യ്ക്കുവിഷമമില്ലെന്നാൽ—ചെറു
വയ്ക്കോലുവാങ്ങിത്തരാമോ?

(വയ്ക്കോൽക്കാരൻെറ അടുക്കൽ ചെന്നു്)

സ്ത്രീ:- വയ്ക്കോലുവിൽക്കുന്നവനേ—ചെററു
വയ്ക്കോൽ പശുവിനായ് നൽകൂ!

വയ്ക്കോ:- വയ്ക്കോലുനൽകാമെളുപ്പം—മുന്നിൽ
വയ്ക്കുകിൽ രണ്ടുമൂന്നപ്പം

(അട്ടപ്പിൻെറ അടുക്കൽ ചെന്ന്)

സ്ത്രീ:— അപ്പംചുടുന്നോരട്ടപ്പേ!—യെനി-
യ്ക്കപ്പംതരേണമട്ടപ്പേ!

അട്ടപ്പ്:- അപ്പംതരാംഞാനെളുപ്പ—മെനി
യ്ക്കല്പം വിറകുതരികിൽ

(വിറകുവെട്ടുകാരൻെറ അടുക്കൽ ചെന്ന്)

സ്ത്രീ:- റൊട്ടിയ്ക്കുവേണ്ടിക്കൊടുപ്പാൻ—മരം-
വെട്ടീ! വിറകുതരാമോ?

മരംവെട്ടി:-തേടി വിറകുതരാംഞാൻ—നല്ല-
കോടാലി വാങ്ങിത്തരികിൽ

(കൊല്ലപ്പണിക്കൻെറ അടുത്തുചെന്ന്)

സ്ത്രീ:- കൊല്ലപ്പണിയ്ക്കനെനിയ്ക്കു—നല്ല
കോടാലിയൊന്നുതരുമോ?

കൊല്ലൻ:- കോടാലിനൽകിടാമല്ലോ-കരി
ധാരാളം കൊണ്ടുതരികിൽ

സ്ത്രീ കൊല്ലാ, ഞാൻകാട്ടിൽനിന്നിപ്പോഠം-കരി
ക്കൊള്ളികഠംകൊണ്ടുവന്നീടാം.

(എല്ലാവരും പാടുന്നു.)

കോടാലി നഠംകിടാമല്ലോ—കരി
ധാരാളംകൊണ്ടുതരികിൽ
കൊല്ലൻ കരികളെടുത്തു-നല്ല
കോടാലിയൊന്നുകൊടുത്തു
കോടാലിയങ്ങുകൊടുത്തു—വിറ
കോടുമട്ടപ്പോടടുത്തു
നിൽക്കാതെയപ്പമെടുത്തു—വയ്ക്കോൽ
വിൽക്കുന്നവനോടടുത്തു

വയ്യ്ക്കോല്പകൊണ്ടുകൊട്ടത്തു—ഗോവിൻ
പക്കലേവെണ്ണയെടുത്തു
വെണ്ണവിഴുങ്ങിയാക്കോഴി,—നല്ല-
വണ്ണം "കൊക്കക്കോകോ" കൂകി

---

൩. കുഞ്ഞും പക്ഷിയും.

കുഞ്ഞ്:- എങ്ങോട്ടുപോകുന്നു കുഞ്ഞുപക്ഷീ?......
എങ്ങോട്ടുപോകുന്നു കുഞ്ഞുപക്ഷീ?......

പക്ഷി:- ഭൂഗോളം ചുററിപ്പറന്നിടും ഞാ-
നാവോളമാരുമറിഞ്ഞിടാതെ

കുഞ്ഞ്:- എങ്ങോട്ടുപായുന്നു കുഞ്ഞുപക്ഷീ?......
എങ്ങോട്ടുപായുന്നു കുഞ്ഞുപക്ഷീ?......

പക്ഷി:- കാണുവാനാർക്കും കഴിഞ്ഞിടാത്ത-
കോണിലും ചുററിപ്പറന്നിടും ഞാൻ

കുഞ്ഞ്:- എത്രനാൾചുററിപ്പറന്നിടും നീ!
എത്രദേശങ്ങൾ കടന്നിടും നീ!

പക്ഷി:- കൂടുവിട്ടീലോകമൊന്നുചുററി-
കൂട്ടിന്നകത്തുവന്നെത്തുവോളം!

---

൪. തുമ്പി

കുട്ടി:- തുമ്പീ തുമ്പീ പോകരുതേ
വാലേലൊന്നുപിടിച്ചോട്ടെ.
കിട്ടിപ്പോയീ എൻകൈയിൽ
കൂട്ടരെ, നിങ്ങൾ കണ്ടോളിൻ.

അരുതരുതരുതരുതെന്നാണോ
ചിറകടിയാലിവൻ ചൊല്ലുന്നു.
പേടിക്കേണ്ടാനീയൊട്ടും
കേടുവരുത്തില്ലോർക്കേണം
ഉണ്ടക്കണ്ണുകൾ കാണട്ടെ
ചെറുകാലാറും നോക്കട്ടെ
മിന്നമിന്നെമിന്നും ചിറകുകളിൽ
കനിവോടൊന്നുതലോടട്ടെ
പേടിക്കേണ്ടാനീയൊട്ടും
കേടുവരുത്തില്ലോർക്കേണം
കൂട്ടരെ നിങ്ങൾ കണ്ടീടിൻ
കെട്ടും നൂലീവാലിൽ ഞാൻ.

കുട്ടികൾ:- അയ്യോ! കുഞ്ഞേ ചെയ്യരുതേ
ദൈവം നിന്നെ ശിക്ഷിയ്ക്കും
വിടുവിടുവിടുവിടു തുമ്പിയെ നീ
ഹിതമാംവിധമതു പോകട്ടെ.

---

൩. വണ്ടും പൂവും

മ.

(വണ്ടു് വെയിലിൽ മൂളിപ്പറക്കുന്നു)

വണ്ടു്:- ഓമനേ! മാമകസൂനമേ! നിൻമധു-
കാമിച്ചു മോഹിച്ചു വന്നുഞാനും!

പൂവ്:- വന്നാലുംമിത്രമെ, വാസന്തവേളയായ്
നിന്നാശതീർത്തു നീ തൃപ്തനാകൂ!

(വണ്ടു് പൂവിൽപററി തേൻ കുടിക്കുന്നു)

൨.

(വണ്ടു് തണപ്പുകാലത്തു മൂളിപ്പറക്കുന്നു
പൂവ് വാടിക്കൊഴിയാറായിരിക്കുന്നു)

വണ്ടു്:- ഓമനേ, നിൻപക്കലില്ലയോ പൂമധു-
കാമിതമേകുവാൻ തക്കവെണ്ണം

പൂവ്:- വന്നാലും മിത്രമേ; കാലം കഴിഞ്ഞുപോ-
യെന്നാലുമെന്നടുത്തെത്തുകില്ലേ?

വണ്ടു്:- വയ്യെ, നിക്കിന്നൊരു വേലയ്ക്കുപോകണ-
മയ്യോ, രസിക്കുവാൻ നേരമില്ല!

(വണ്ടു് മൂളിക്കൊണ്ടു് പറന്നു മറയുന്നു)

---

൩. ചെന്നായും ആട്ടിൻകുട്ടിയും

(തള്ളയാട്ടു് ആഹാരംതേടി ഇറങ്ങുന്നു.
കുഞ്ഞാട്ടു് കൂട്ടിൽ ഇരിക്കുന്നു)

തള്ള:- പൈതലേ, വാതിൽ തുറന്നിടാതെ
നീ, തനിച്ചുള്ളിലിരുന്നിടേണം

കുഞ്ഞു്:- അമ്മേ; വരുവോളം ഞാനകത്തു
സമ്മതമോടമിരുന്നുകൊള്ളാം

(ഒരു ചെന്നായ് ഈ സംഭാഷണം പതുങ്ങിനിന്നു
കേൾക്കുന്നു. തള്ളയാട്ട പോകുന്നു)

ചെന്നായ്:- (ആത്മഗതം)
സദ്യയൊന്നിന്നു തകർത്തിടും ഞാൻ
ഹൃദ്യമിക്കുഞ്ഞാടെനിയ്ക്കു കിട്ടിൽ

ആട്ടകരയുംപോൽ ഞാൻകരഞ്ഞു-
ക്കൂടിനട്ടത്തു പതുങ്ങിനില്ക്കും!
(കുറച്ചുകഴിഞ്ഞു് ചെന്നായ് ക്കൂടിനട്ടത്തുചെന്നു്
ആ ട്ട ക ര യു ന്നു)

ചെന്നായ്:- പൈതലേ, വാതിൽ തുറക്കുവേഗം
പൈദാഹമൊക്കെയൊതുക്കിടേണ്ടേ?

(കുഞ്ഞാട്ട് വാതൽപ്പഴുതിലൂടെ ചെന്നായെ കാണുന്നു)

കുഞ്ഞാട്ട്:- വേണ്ട, വേണ്ടെന്നമ്മ വന്നുകൊള്ളും
വേണ്ടതെനിക്കിന്നു തന്നുകൊള്ളും!

ചെന്നായ്:- ഓമനേ, നിന്നമ്മയാണു ഞാനെ-
ന്നോർമ്മിച്ചു വാതൽ തുറക്കുവേഗം!

കുഞ്ഞാട്ട്:- ആടിനെപ്പോലെ കരഞ്ഞന്നീയി-
ന്നാടല്ല, വന്ന വഴിക്കുപോക്കു!
ആടിനു, ചെന്നായുമായിബന്ധം-
പാടില്ല, വന്ന വഴിക്കുപോക്കു!
(ചെന്നായ് ഇളിഭ്യനായി പോകുന്നു)

---

൭. കുറുക്കനും കോഴിയും

(ഗുണമേറും ഭർത്താവേ)

(ഒരു ദിവസം ഒരു കോഴി വൃക്ഷത്തിന്മേൽ കയറി
നില്ക്കുമ്പോൾ ഒരു കുറുക്കൻ ആ വഴി വരുന്നു)

കുറുക്കൻ:- പ്രിയമേറും സോദരാ കുക്കുടേന്ദ്രാ!
വിരവോട്ടുതാഴെയിറങ്ങിവാവാ
ഒരുമയായ്നമ്മൾക്കു സല്ലപിക്കാം
കുറെയിടമോദേന സഞ്ചരിക്കാം.

കോഴി:- അതുവേണ്ടാനീയെൻെറ ശത്രുവല്ലേ?
ചതിയൻനീയെന്നു പ്രസിദ്ധമല്ലേ?
ഒരുനാളും ഞാനില്ല നിൻെറകൂടെ
കുറുനരീനീയെന്നെത്തിന്നാനല്ലേ?

കുറുക്കൻ:- പുരമുറിക്കുള്ളിലിരുന്നകോഴീ
ഒരുകാര്യം നീയൊട്ടറിഞ്ഞതില്ലേ?
മൃഗപക്ഷിജാലങ്ങളിന്നലെച്ചേ-
ന്നൊരുമയായ് വാഴുവാൻ തീർച്ചചെയ്തു.
ഇനിയാരുമാരെയും പേടിക്കേണ്ട;
ഇനിയാർക്കുമാരെയും തിന്നുകൂടാ.

കോഴി:- അതുനല്ലകാര്യം പ്രിയസുഹൃത്തേ,
ഒരുമയായ് നമ്മൾക്കു യാത്രചെയ്യാം
ഒരുനായുണ്ടെന്നുടെ കൂട്ടുകാരൻ
അവനും പോന്നീടട്ടെ-കൊക്കരെക്കോ.
(കോഴി തുടർന്നു പാടുന്നു)
ചതിയൻ നീയോടുന്നോ നില്ലവിടെ
ഇനിനായ്ക്കു നിന്നോടു വൈരമുണ്ടോ?

---

൮. തേനീച്ചയും കൊതുകും

(ഒരു കൊതുക് മൂളിക്കൊണ്ട് തേനീച്ചയോടടുക്കുന്നു)

തനീച്ച:- മിത്രമേ, നീയേതുവേഗ-മിങ്ങോ-
ട്ടെത്തിയതെന്തിനിന്നേവം?...

കൊതുക്:- കൊററിനുമാര്ഗ്ഗമില്ലാഞ്ഞു—പാരം
കഷ്ടതയായ് ഞാനണഞ്ഞു

തേനീച്ച:- ആർദ്രതതോന്നുന്നു പക്ഷേ—ഭവ
ദാത്തികൾക്കെന്തുഞാൻ ചെയ്വൂ!

കൊതുക്:- ചൊല്ലൊല്ലാം നീയെനിയ്ക്കൽപം—മധു
വിപ്പൊഴുതിങ്ങു തരേണം

തേനീച്ച:- പാടില്ല; പണ്ടുനീയെന്തേ—മധു
തേടിവയ്ക്കാഞ്ഞു ഗൃഹാന്തേ?...

കോതുക്:- (ഒരുപായം നടിച്ചുകൊണ്ട്)
ഓർത്തില്ല വർഷാഗമത്തെ—പാടി
യാത്തുഞാൻ നേടി സുഖത്തെ.
മക്ഷികേ, ഞാൻ പഠിപ്പിക്കാം—നിന്റെ
മക്കളെ നൃത്തസംഗീതം
തുള്ളിക്കളികൾ, സമ്പാദ്യം—രണ്ടു
തുള്ളിത്തേൻ നൽകുകിലാദ്യം!

തേനീച്ച:- (പുച്ഛസ്വരത്തിൽ)
പാട്ടും കളിയും പഠിച്ചു—നിന്റെ
കൂട്ടരേപ്പോലലഞ്ഞീടാൻ
പട്ടണംതോറും നടന്നു—വെറും
പട്ടിണികൊണ്ടുവലയാൻ
മക്കളെഞാൻവിടുകില്ല—സുഖ
മാർഗ്ഗമവർ പണിയട്ടെ!
പോക, മടിയാതെ, നീവേഗം—നിന
ക്കേകുവാനില്ലെനിക്കേതും!

(കൊതുക് ദുഃഖഗാനവും മൂളി മറയുന്നു)

൯. തീൎത്ഥയാത്ര.

(ഉത്താനപാദന്റെ കൊട്ടാരം. മഹാരാജാവു് ആസ്ഥാനമണ്ഡപത്തിൽ ഇരിക്കുന്നു. ചുററും സാമന്തന്മാർ, പ്രഭുക്കന്മാർ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരും ഇരിക്കുന്നു. ധ്രുവകുമാരൻ മന്ദസ്മേരവദനനായി പ്രവേശിക്കുന്നു.)

ധ്രുവൻ:—(ചുററും നോക്കിയിട്ടു്)

താതാ നമ്മുടെ നാട്ടിലെ പ്രജാ-
ജാതികൾക്കാകെ സൗഖ്യമോ?
നീതിധൎമ്മങ്ങൾ നിത്യവു നാട്ട—
നീളെ വീശുന്നതില്ലയോ?

ഉ: പാദൻ:—വത്സ്സാ! വന്നുകൂടിയിട്ടുണ്ടെൻ
വത്സലപ്രജാനായകർ
മത്സുതാ മടിക്കേണ്ട നേരിട്ടു-
തത്സുഖം തിരക്കീടുക,

സദസ്യരിലൊരാൾ:—തങ്കമേ! തവ ദൎശനത്തിലു-
മങ്കുരിക്കുന്നു കൗതുകം!
നിൻകടാക്ഷത്തിൽ, നിൻപ്രകാശത്തിൽ
സങ്കടം തലപൊക്കുമോ?

(മഹാരാജാവു പുളകിതനായി പുത്രനെ മടിയിലിരുത്തി മാറോടണച്ചു ചുംബിക്കുന്നു. സുരുചി കോപാവിഷ്ടയായി പ്രവേശിക്കുന്നു.)

സുരുചി:—ആരെടാ! രാജവേദിയിൽനിന്നു്
നീരസങ്ങളുരപ്പവൻ?
അല്ല, നീ മടിത്തട്ടിലെത്തിയോ?
തല്ലുകൊള്ളുവാൻ കാലമായ്!

(രാജാവു വിറയ്ക്കുകയും സദസ്യർ പരിഭ്രമിക്കുകയും ചെയ്യുന്നു. ധ്രുവൻ ദയനീയമായി മാറിമാറി നോക്കുന്നു.)

രാജാവു്:—വല്ലഭേ! പൊറുത്തീടു നീ;യിവ—
നല്ലയോ ഭാവി ഭൂവരൻ?

(ശേഷം കവർ 2-ാം പേജിൽ)

വി. പി. സ്കൂളുകളിലേക്കുള്ള പുസ്തകങ്ങൾ.

നാഷണൽ ബുക്കഡിപ്പോ, കോട്ടയം.

വിദ്യാഭ്യാസഡയറക്ടരവർകളുടെ പുതിയ ഉത്തരവനുസരിച്ചുള്ള താഴെക്കാണുന്ന പുസ്തകങ്ങൾ വില്പനയ്ക്കു തയ്യാറുണ്ട്. 4-ാംക്ലാസ്സ് പരീക്ഷ പബ്ളിയ്ക്ക് പരീക്ഷയെപ്പോലെ ഉയർത്തിയിരിക്കുന്ന ഇക്കാലത്തു് കഴിവുള്ള വിദ്യാർത്ഥികളെല്ലാം പുസ്തകങ്ങൾ വാങ്ങേണ്ടതു് അത്യാവശ്യമാണു്. ഞങ്ങളുടെ പുസ്തകങ്ങളിൽ പുതിയ ജനസംഖ്യകളാണുപയോഗിച്ചിട്ടുള്ളതു്. വിലയിൽ നാലിലൊന്നു് അഡ്വാൻസയച്ചുതന്നാൽ പുസ്തകങ്ങൾ വി. പി. അയച്ചുതരാം.

നാലാംക്ലാസ്സ്.	വില ച.
തിരു: ചരിത്രകഥകൾ (എം. എൻ. നായർ.)	7
മദ്രാസ് ഭൂവിവരണം (കുട്ടിയാട്ടു ശിവരാമപ്പണിക്കർ)	7
തിരു: ഭൂവി. (P. P. ചാക്കോ B. A., L. T)	7
പൗരധർമ്മം (സിവിക്സ്)	4
ആരോഗ്യചന്ദ്രിക	5
കഥാഭിനയഗാനമാല (മൂന്നാംഭാഗം)	4
ആദർശകഥകൾ (20 ചെറുകഥകളുള്ള 3-ാംഭാഗം)	4
മൂന്നാംക്ലാസ്സ്.	
തിരു: ചരിത്രപ്രവേശിക	4
തിരു: ഭൂവിവരണം (K. P. മാത്യു M. A. L. L. B.)	4
ആരോഗ്യരക്ഷ 4 ച. പൗരധർമ്മം (സിവിക്സ്)	$3\frac{1}{2}$
കഥാഭിനയഗാനമാല (രണ്ടാംഭാഗം)	4
ആദർശകഥകൾ (16 ചെറുകഥകളുള്ള 2-ാംഭാഗം)	$3\frac{1}{2}$
രണ്ടാം ക്ലാസ്സ്.	
പ്രാരംഭഭൂവിവരണം 4 ച. പ്രകൃതിപാഠം	3
പൗരധർമ്മം (സിവിക്സ്) 3 ച. ആരോഗ്യരക്ഷ	3
കഥാഭിനയഗാനമാല (1-ാംഭാഗം)	3
ആദർശകഥകൾ (12 ചെറുകഥകളുള്ള 1-ാംഭാഗം)	3
സാമാന്യവിജ്ഞാനചന്ദ്രിക 1—4വരെ ക്ലാസുകളിലേക്കു് (ജനറൽ നോളജിനു്)	5
കിൻറർഗാർട്ടൻ 1മുതൽ 4വരെ ക്ലാസുകളിലേക്കു അദ്ധ്യാപകന്മാർക്കുള്ളതു്, കമ്മീഷൻ 10) രൂ.	1